**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2175</u>** **<u>14-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ആരോഗ്യമേഖലയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2017 മുതൽ 2024 വരെ സംസ്ഥാനത്തിന് ആരോഗ്യമേഖലയിൽ ലഭിച്ച പുരസ്കാരങ്ങളുടെ വിശദാംശങ്ങൾ നൽകാമോ? | (എ) | <u>ആയുഷ് മേഖല</u><br><br>ആരോഗ്യ സ്ഥാപനങ്ങൾക്ക് ഗുണനിലവാര മാനദണ്ഡമനുസരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി, 2023-24 കാലളവിൽ 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾക്ക് NABH Entry Level Certification ലഭിച്ചു.<br><br>സ്കോച്ച് സിൽവർ അവാർഡ് ആയുഷ്ഗ്രാമം പദ്ധതികൾ വിജയകരമായി നടപ്പാക്കിയതിനുള്ള അവാർഡ് നാഷണൽ ആയുഷ് മിഷന് ലഭിച്ചു.<br><br>സമ്പൂർണ്ണ യോഗ ഗ്രാമം: യോഗയും പ്രകൃതി ചികിത്സയും വഴി ആയുഷ് വെൽനസ്സ് സെന്ററിന്റെ പിന്തുണയോടെ മുഹമ്മ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ യോഗഗ്രാമമായി പ്രഖ്യാപിച്ചു.<br><br>ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിലുള്ള 86 സ്ഥാപനങ്ങൾക്ക് ഗുണനിലവാര മാനദണ്ഡം അനുസരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2023-24 കാലയളവിൽ എൻ.എ.ബി.എച്ച് എൻട്രി ലെവൽ സർട്ടിഫിക്കേഷൻ ലഭിച്ചു.<br><br><u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u><br><br><u>എസ്.എച്ച്.എയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ</u><br><br>ഗവേണൻസ് നൗ ഡിജിറ്റൽ ഇന്നൊവേഷൻ ഫോർ ഹെൽത്ത്കെയർ ട്രെയിനിംഗ് - നാലാമത്തെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2021 (പ്രോജക്റ്റ് - AB PMJAY KASP-യുമായി KBF-ന്റെ സംയോജനം). |

APAC ഹെൽത്ത്കെയർ ഇംപാക്റ്റ് അവാർഡ് 2022 - APAC 4th ഹെൽത്ത് ടെക് ഇന്നൊവേഷൻ കോൺക്ലേവ് 3rd - 4th മാർച്ച് 2022 (പ്രോജക്റ്റ്: ഹെൽത്ത്കെയർ മേഖലയിലെ നേതൃത്വപരമായ പങ്ക്)

ആരോഗ്യ മന്തൻ 2021 - ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം 2021 - ഏറ്റവും ഉയർന്ന ആശുപത്രിവാസ നിരക്കുള്ള മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)

ഇൻഡി ഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022 - കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.

ആരോഗ്യ മന്തൻ 2023 - ആയുഷ്മാൻ ഉത്കൃഷ്ടത അവാർഡ് 2023.

PM-JAY (ഒക്ടോബർ 2022 മുതൽ സെപ്റ്റംബർ 2023 വരെ) പദ്ധതിയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കിയതിന്. (കാഴ്ചപരിമിതർക്കായുള്ള ആരോഗ്യ ഇൻഷുറൻസ് കാർഡിന് ദേശീയ അംഗീകാരം)

AB PM- JAY-ക്ക് കീഴിൽ 1000 ഗുണഭോക്താക്കൾ ഏറ്റവും കൂടുതൽ ബെഡുകൾ എംപാനൽ ചെയ്ത സംസ്ഥാനത്തിനുള്ള അവാർഡ്.

AB PM-JAY KASP (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ്.

AB PM-JAY KASP-ന് പദ്ധതിയിൽ കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90 % കുടുംബങ്ങൾക്ക് മുകളിലുള്ള സംസ്ഥാനം

AB PM-JAY KASP പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗം നടത്തിയ സംസ്ഥാനത്തിനുള്ള അവാർഡ്

6. ഗവേണൻസ് നൗ പിഎസ്‌യു ഐടി അവാർഡുകൾ 2023 - മികച്ച ഐടി സംവിധാനം നടപ്പാക്കൽ പദ്ധതി (ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ) എന്ന വിഭാഗത്തിന് കീഴിൽ.

മറ്റ് അംഗീകാരങ്ങൾ

1. 2018 ഒക്ടോബർ 23 -ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണമേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്.

2. കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വെച്ച് 29/06/2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷാ അഭിയാൻ അവാർഡ്ദാന ചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് ലഭിച്ചു.

3. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, മൈനാഗപ്പള്ളി അർഹമായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്കും ഏറ്റവും മികച്ച സേവനത്തിനുള്ള സ്കോച്ച് അവാർഡ് ലഭിയ്ക്കുകയുണ്ടായി.

4. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹൃദ്യം പദ്ധതിയ്ക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട് . ഇത് 2018 മാർച്ച് മാസത്തിൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നിവയാണ് .

5. ബെസ്റ്റ് പ്രാക്ടീസ് ഇൻ പബ്ലിക് ഹെൽത്ത് എന്ന ബഹുമതിയ്ക്ക് 2018-ൽ കേരളത്തിൽ നടപ്പിലാക്കിയ ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് ( ഐ.എച്ച്.എം) അർഹമായിട്ടുണ്ട്

6. പ്രളയം, നിപ്പ എന്നീ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ തുടർച്ചയായ രണ്ട് വർഷം ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

7. 2021 ൽ സെൻട്രൽ ടി ബി ഡിവിഷൻ, കേന്ദ്ര ആരോഗ്യമന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇന്ത്യയുടേയും WHO, ICMR-NIRT Chennai, IAPSM (Indian Association of Preventive and Social Medicine) വും ചേർന്ന് നടത്തിയ രാജ്യത്തെ ക്ഷയരോഗ നിർമ്മാർജ്ജനത്തിന്റെ പുരോഗതി വിലയിരുത്തുന്ന സബ് നാഷണൽ സർട്ടിഫിക്കേഷനിൽ കേരളത്തിന് 2015നെ അപേക്ഷിച്ച 2021 ൽ സംസ്ഥാനത്തു ക്ഷയരോഗികളുടെ എണ്ണത്തിൽ 40% കൂടുതൽ കുറവ് ഉള്ളതായി സെൻട്രൽ ടി ബി ഡിവിഷൻ കണ്ടെത്തി സിൽവർ മെഡൽ നൽകി. സംസ്ഥാനങ്ങളുടെ

വിഭാഗത്തിൽ 2020 ലും 2021 ലും ഏറ്റവും ഉയർന്ന അവാർഡ് ലഭിച്ചത് കേരളത്തിന് മാത്രമാണ്. നമ്മുടെ സംസ്ഥാനത്തിലെ 9 ജില്ലകളിൽ നിന്നായി 60 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (പഞ്ചായത്തുകൾ -59, മുനിസിപ്പാലിറ്റി -1) 2023 ൽ ടി ബി മുക്ത പഞ്ചായത്തുകളായി സർട്ടിഫൈ ചെയ്തിട്ടുണ്ട്. ടി ബി നിയന്ത്രണ രംഗത്ത് സ്വകാര്യമേഖലാ പങ്കാളിത്തം ഉറപ്പുവരുത്തുന്ന STEPS (System for TB Elimination in Private Sector) പദ്ധതി തുടങ്ങിയത് കേരളത്തിലാണ്. 2023 ൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാനപങ്ങൾക്കു ടി ബി രോഗ നിർണയത്തിനായി ലക്ഷ്യം (Target) നിർണയിച്ചു നൽകിയിരുന്നു. ഏറ്റവും കൂടുതൽ ജില്ലകൾ ഇതിന്റെ 90% ലക്ഷ്യം കണ്ടെത്തിയതിനു ദേശീയതല പുരസ്കാരം ലഭിച്ചു. കൂടാതെ സ്വകാര്യമേഖലയ്ക്കു നൽകിയ ലക്ഷ്യം കൈവരിച്ചതിൽ ദേശീയതലത്തിൽ, കേരളം ഒന്നാം സ്ഥാനത്താണ്.

8. 2020-ൽ ഐക്യ രാഷ്ട്ര സഭ (UN inter Agency Task Forceon NCD) പ്രഖ്യാപിച്ച ഏറ്റവും മികച്ച ജീവിതശൈലി രോഗനിർണ്ണയ പദ്ധതിക്കുള്ള അംഗരാജ്യങ്ങൾ നൽകുന്ന അന്തർ ദേശീയ പുരസ്കാരം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിക്കുകയുണ്ടായി.

9. ഇന്ത്യയിൽ മാതൃ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിന് 2022 ഡിസംബര മാസത്തിൽ ലഭിച്ചു.

10. ആശാധാര പ്രോജക്റ്റിന് 2023 -ൽ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ ലഭിച്ചിട്ടുണ്ട്.

11. ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day ) (17 സെപ്റ്റംബർ) ഭാഗമായി 2021 ൽ ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് ("Rogi Suraksha Saptahh") വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ .എ .എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം (അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി. ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ .ക്യൂ .എ .എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ ആശുപത്രി

തലത്തിൽ, കേരളം ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കൂടതെ ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ .ക്യൂ .എ .എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ ആശുപത്രി തലത്തിൽ, കേരളം റണ്ണർ അപ്പായി തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ 187 സർക്കാർ ആശുപത്രിക്കൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം ലഭിച്ചു. ഇതിൽ പുനരംഗീകാരം ലഭിച്ച ആശുപത്രികളും ഉൾപ്പെടുന്നു. അതിൽ 3 ജില്ലാ ആശുപത്രികൾ, 2 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 4- താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 126 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് (എൻ.ക്യൂ.എ.എസ്) അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ.

12. കേൾവിയുടെയും കേൾവിക്കുറവിന്റെയും മേഖലയിൽ സംസ്ഥാന ദേശീയ ബധിരത നിയന്ത്രണ പദ്ധതി നടത്തിയ പ്രവർത്തനങ്ങളെ മുൻനിർത്തി 2021-23 ൽ ലോകാരോഗ്യസംഘടനയുടെ (WHO) വേൾഡ് ഹിയറിങ് ഫോറത്തിൽ (WHF) അംഗത്വം ലഭിക്കുകയും 2024-25 ൽ അംഗത്വം പുതുക്കി കിട്ടുകയും ചെയ്തു.2022 ൽ ലോക ബധിരതാ ദിനത്തിൽ പങ്കെടുത്തതിന് ലോകാരോഗ്യ സംഘടനയുടെ (WHO) വേൾഡ് ഹിയറിങ് ഫോറത്തിൽ (WHF) നിന്നും പങ്കാളിത്ത സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു.

13. ഹൃദ്യം പദ്ധതിയ്ക്ക് 2017 ലെ കേരള സംസ്ഥാന ഇ-ഗവേർണൻസ് അവാർഡ്, 2018 ലും കേരള സംസ്ഥന ചീഫ് മിനിസ്റ്റർ അവാർഡ് 2019 ലും ലഭിച്ചിട്ടുണ്ട്.

14.ഹീമോഫീലിയ വിവര ശേഖരണത്തിനും ഏകോപനത്തിനും അന്തർദേശീയ പുരസ്കാരം

15.ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായി 2 വർഷങ്ങളിൽ കേരള ഒന്നാമത്.

16. ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം(2021)

17. ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ച്ചവെച്ച സംസ്ഥാനത്തിനുള്ള ഇൻഡ്യ ടുഡേ 2022 അവാർഡ്

18. ഇൻഡ്യ ടുഡേ ഹെൽത്ത് ഗിരി അവാർഡ്

19. FSSAI യുടെ ഈറ്റ് റൈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ 4 നഗരങ്ങൾക്ക് ദേശീയ ദേശീയ പുരസ്കാരം

<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മെഡിക്കൽ / ഡെന്റൽ കോളേജുകൾക്ക് ലഭിച്ച പുരസ്കാരങ്ങൾ</u>

1. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.

2018 ൽ നിപ്പ രോഗികളെ മികച്ച രീതിയിൽ പരിചരിച്ചതിനും അതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനും അവാർഡ് ലഭിച്ചിട്ടുണ്ട്.

2020 ൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയതിന് അവാർഡ് ലഭിച്ചിട്ടുണ്ട്.

2021 വർഷത്തിൽ ത്വക്ക് രോഗവിഭാഗത്തിന് ബെസ്റ്റ് പെർഫോർമിംഗ് DSRC (Designated STI RTI Clinic) അവാർഡ് ലഭിച്ചിട്ടുണ്ട്.

2019-20 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇന്ത്യയുടെ ബെസ്റ്റ് ഡിപ്പാർട്ടുമെന്റ് അവാർഡ് 2021, 2022 വർഷങ്ങളിൽ സർജറി വിഭാഗത്തിന് ലഭിച്ചു.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കേരളത്തിൽ ആദ്യമായി മികച്ച ശിശുസൗഹൃദ സേവനങ്ങൾക്കുള്ള ദേശീയ മുസ്കാൻ (MusQan) സർട്ടിഫിക്കേഷൻ 96% മാർക്കോടുകൂടി ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട് 2024 ജനുവരിയിൽ കരസ്ഥമാക്കി.

മാതൃശിശു സംരക്ഷണകേന്ദ്രത്തിന് ലേബർ റൂമിന്റെയും അനുബന്ധചികിത്സയുടെയും നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് LaQshya അക്രഡിറ്റേഷൻ അംഗീകാരം ലഭിച്ചു. ആശുപത്രിയിലെ മാതൃശിശു ചികിത്സാ നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് MBFHI (Mother Baby Friendly Hospital Initiative) അംഗീകാരം ലഭിച്ചിട്ടുണ്ട്.

2021-22 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

മെഡിസെപ്പ് ആരംഭിച്ച് 100 ദിവസം പൂർത്തിയായപ്പോൾ കേരളത്തിലെ ടോപ്പ് പെർഫോർമർ അവാർഡ് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലഭിച്ചിട്ടുണ്ട്.

2021 രക്തദാന ദേശീയ ദിനത്തോടനുബന്ധിച്ച് KSACS 2 Kerala Blood Transfusion Council ഉം സംയുക്തമായി സംഘടിപ്പിച്ച സസ്നേഹം സഹജീവിക്കായി എന്ന രക്തദാന ചലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

2023 ലേക്കുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പങ്കെടുക്കുകയും ഇതിന്റെ ഫലമായി ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിൽ 44-ാം റാങ്ക് ലഭിക്കുകയും ചെയ്തു.

2024 NIRF റാങ്കിങ്ങിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് 42-ാ റാങ്ക് ലഭിച്ചിട്ടുണ്ട്.

അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ ആശുപത്രിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ് എ റ്റി.

എസ് എ റ്റി ആശുപത്രിക്ക് LaQshya സർട്ടിഫിക്കേഷൻ ലഭിച്ചു. എസ് എ ടി ആശുപത്രിക്ക് MBFHI (Mother Baby Friendly Hosptlal Intlative) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡുകൾ (കാസ്പ് ഹെൽത്ത് ഇൻഷുറൻസ്) ജനങ്ങൾക്ക് നൽകിയതിന് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും, ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ ജനങ്ങൾക്ക് സൗജന്യചികിത്സ നൽകിയതിനുള്ള ആരോഗ്യ പുരസ്കാരം മന്ഥൻ 2023-ൽ ലഭിച്ചിട്ടുണ്ട്.

4. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

| | | | | |
|---|---|---|---|---|
| | | | | ആരോഗ്യ മന്തൻ പുരസ്കാരം 3.0 (KASP) 2021-ലും, 4.0(KASP) 2022-ലും ലഭിച്ചിട്ടുണ്ട്.<br><br>ലക്ഷ്യ (LaQshya) 2022-23- ൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം LaQshya അംഗീകാരം നേടിയിട്ടുണ്ട്.<br><br>MBFHI (Mother Baby Friendly Hosptlal Initiative) 97.26% മാർക്കോടെ അംഗീകാരം നേടിയിട്ടുണ്ട്.<br><br>5. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 2023 വർഷത്തിൽ ലക്ഷ്യ (LaQshya) അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>6. പത്തനംതിട്ട കോന്നി സർക്കാർ മെഡിക്കൽ കോളേജിന് കഴിഞ്ഞ ശബരിമല മണ്ഡലകാല ഉത്സവ സീസണിലെ (2023 -24) മികച്ച BASE HOSPITAL - ന് ഉള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>7. മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് MBFHI (Mother Baby Friendly Hosptlal Initiative) അംഗീകാരം 2022 ഓഗസ്റ്റിൽ ലഭിച്ചിട്ടുണ്ട്.<br><br>8. 2024 ൽ തിരുവനന്തപുരം ദന്തൽ കോളേജിന് NIRF റാങ്കിങ്ങിൽ 21- ാ സ്ഥാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ